# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2503** **09.12.2014- ൽ മറുപടിക്ക്**

## ഹാൻടെക്സിന്റെ മാനേജിംഗ് ഡയറക്ടർ നിയമനം

| ചോദ്യം<br>ശ്രീ.വി.ശിവൻകുട്ടി | | ഉത്തരം<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) ഹാൻടെക്സിന്റെ ബൈലോ പ്രകാരവും ബഹു.ഹൈക്കോടതിയുടെ ഉത്തരവുപ്രകാരവും വ്യവസായ വകുപ്പിലെ ജോയിന്റ് ഡയറക്ടർ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെത്തന്നെ ഹാൻടെക്സിന്റെ മാനേജിംഗ് ഡയറക്ടറായി നിയമിക്കണം എന്നു നിഷ്കർഷിച്ചിട്ടുണ്ടോ; | (എ) | ഫുൾ ടൈം സർക്കാർ ഉദ്യോഗസ്ഥനായിരിക്കണം എന്ന് ബൈലായിൽ നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഇപ്പോൾ അവിടെ മാനേജിംഗ് ഡയറക്ടറെ നിയമിച്ചത് മേൽപറഞ്ഞ നിബന്ധനകൾ വിധേയമായിട്ടല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി)<br>&<br>(സി) | ഹാന്റക്സിൽ ഇപ്പോൾ മാർക്കറ്റിംഗ് മാനേജർക്ക് മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതലയാണ് നൽകിയിട്ടുള്ളത്. |
| (സി) ഉണ്ടെങ്കിൽ ആയതു തിരുത്തുവാൻ നടപടി സ്വീകരിക്കുമോ? | | |
| (ഡി) ഇപ്പോഴത്തെ ഹാൻടെക്സിന്റെ മാനേജിംഗ് ഡയറക്ടറുടെ പേരിൽ എത്ര വിജിലൻസ് കേസുകൾ ഉണ്ടായിട്ടുണ്ട് എന്നും ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ; | (ഡി) | രണ്ടു വിജിലൻസ് കേസുകൾ ഉണ്ടായിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

| | |
|---|---|
| (ഇ) പ്രസ്തുത മാനേജിംഗ് ഡയറക്ടറെ നാളിതു വരെയുള്ള സർവ്വീസിൽ എത്രതവണ സസ്പെന്റ് ചെയ്തിട്ടുണ്ടെന്നും ആയതിന്റെ ഓരോന്നിന്റെയും കാരണങ്ങളും വിശദമാക്കുമോ; | (ഇ) രണ്ടു പ്രാവശ്യം സസ്പെന്റ് ചെയ്തിട്ടുണ്ട്. ആയതിന്റെ കാരണങ്ങൾ 'പിരിവ് 'ഡി'-യുടെ ഉത്തരത്തോടൊപ്പമുള്ള അനുബന്ധത്തിൽ വിശദമാക്കിയിട്ടുണ്ട്. |
| (എഫ്) ഹാൻടെക്സിന്റെ മാനേജിംഗ് ഡയറക്ടറായി നിയമിക്കപ്പെടുന്നതിന് പ്രസ്തുത വ്യക്തിക്ക് ഉള്ള യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (എഫ്) ഹാൻടെക്സിലെ മാർക്കറ്റിംഗ് മാനേജർക്ക് മാനേജിംഗ് ഡയറക്ടറുടെ അധികചുമതലയാണ് നൽകിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

കേസ് 1)ദേവാംഗപുരം സംഘത്തിൽ നിന്ന് തുണിസംഭരണം നടത്തിയതുമായി ബന്ധപ്പെട്ട് ഗാർഹിക അന്വേഷണം നടത്തി വകുപ്പുതല നടപടി സ്വീകരിക്കുവാനുള്ള വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗാർഹിക അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിൽ ആരോപണവിധേയനായ ഉദ്യോഗസ്ഥർക്കെതിരെ ആരോപിക്കുന്ന കുറ്റങ്ങൾ തെളിയിച്ചിട്ടില്ലെന്ന് അറിയിച്ചതോടൊപ്പം സംഘത്തിൽ നടന്നുവെന്നാരോപിക്കുന്ന അഴിമതിയെ സംബന്ധിച്ച് ഒരു പോലീസ് അന്വേഷണം വേണമെന്നും സൂചിപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ചിറ്റൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 219/10 ആയി ഒരു ക്രൈം കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. തുടർന്ന് ചിറ്റൂർ പോലീസ് സ്റ്റേഷനിൽ വിശദമായ അന്വേഷണം നടത്തി തുടർ നടപടികൾ ആവശ്യമില്ല എന്ന് കാണിച്ചു കൊണ്ട് ചിറ്റൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ സമർപ്പിക്കുകയും ആയത് ബഹുമാനപ്പെട്ട കോടതി സ്വീകരിക്കുകയും ചെയ്തു. കേസ് അവസാനിപ്പിച്ചതിനെ തുടർന്ന്, 11.05.2011 ലെ കമ്മിറ്റി തീരുമാനം നമ്പർ 2 പ്രകാരം രൂപീകരിക്കപ്പെട്ട സബ്കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഈ ഇടപാടു മൂലം ഹാന്റക്സിന് യാതൊരു സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ലെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് 30.05.2011ൽ കൂടിയ അച്ചടക്ക കമ്മിറ്റി ചർച്ച ചെയ്യുകയും ശ്രീ.എസ്.പ്രകാശിനെ കുറ്റവിമുക്തനാക്കാനും തീരുമാനിച്ചു.

കേസ് 2) 1991-92 വർഷത്തിൽ സാംഗി ടെക്സ്റ്റൈൽസിൽ നിന്നും തുണി പ്രോസസ്സിംഗ് നടത്തിയതിൽ സംഭവിച്ച നഷ്ടം ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കുന്നതിലേക്കാണ് വിജിലൻസ് വകുപ്പ് ശുപാർശ ചെയ്തിട്ടുള്ളത്. സംഘം സർവ്വീസിലുള്ള ശ്രീ.എസ്.പ്രകാശ് ബഹു.ഹൈക്കോടതിയെ സമീപിക്കുകയും തുക ഈടാക്കുന്നതിനുവേണ്ടി മാനേജിംഗ് ഡയറക്ടർ ഇറക്കിയ ഉത്തരവ് റദ്ദാക്കുകയും ചെയ്തു. എന്നാൽ ടി ഉത്തരവ്, നിയമം അനുശാസിക്കുന്ന രീതിയിലുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിനുള്ള തടസ്സമില്ലായെന്നും പറയുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗാർഹിക അന്വേഷണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

സെക്ഷൻ ഓഫീസർ